കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം നഗരസഭ - 2012-13 വാർഷിക പദ്ധതി - പാലിയേറ്റീവ് കെയറിന്റെ നടത്തിപ്പിനായി ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം.867/13/തസ്വഭവ തിരുവനന്തപുരം, തീയതി: 30.03.2013.

---

പരാമർശം: 1. കോട്ടയം നഗരസഭാ ചെയർമാന്റെ 08.03.2013-ലെ ജി13-3565/13 നമ്പർ കത്ത്.
2. 25.03.2013-ലെ 3.24-)o നമ്പർ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

**<u>ഉത്തരവ്</u>**

കോട്ടയം നഗരസഭയുടെ 2012-13 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പാലിയേറ്റീവ് കെയറിന്റെ നടത്തിപ്പിനായി 11,00,000/-(പതിനൊന്ന് ലക്ഷം) രൂപ ചെലവഴിച്ച് ആംബുലൻസ് വാങ്ങുന്നതിനുള്ള അനുമതിയ്ക്കായി കോട്ടയം നഗരസഭാ ചെയർമാൻ പരാമർശം ഒന്ന് പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോട്ടയം നഗരസഭയുടെ 2012-13 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പാലിയേറ്റീവ് കെയറിന്റെ നടത്തിപ്പിനായി ഡ്രൈവറുടെ ശമ്പളം, വാഹനത്തിന്റെ ആവർത്തന ചെലവുകൾ തുടങ്ങിയവ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി നിർവഹിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി 10,00,000/- (പത്ത് ലക്ഷം രൂപ) ചെലവഴിച്ച് ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (LBA&A) തിരുവനന്തപുരം.
സെക്രട്ടറി, കോട്ടയം നഗരസഭ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ